(സി) ശ്രീമതി ഐഷാ ബീവിക്ക് ഇപ്പോൾ സ്ഥലംമാറ്റം നൽകി കഴിഞ്ഞു. ശ്രീമതി വിമലയുടെ കാര്യം പരിഗണിച്ചുവരുന്നു.

വിമൻസ് കോളേജിലും, യൂണിവേഴ്സിറ്റി കോളേജിലും തത്വശാസ്ത്രവിഭാഗത്തിൽ നിയമിതരായിട്ടുള്ള ലക്ചറർമാർ

405 [751] ശ്രീ. എസ്.ആർ. തങ്കരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം വിമൻസ് കോളേജിലും യൂണിവേഴ്സിറ്റി കോളേജിലും തത്വശാസ്ത്ര വിഭാഗത്തിൽ നിയമിതരായിട്ടുള്ള ലക്ചറർമാർ ഇതുവരെയും ജോലിയിൽ പ്രവേശിച്ചില്ലെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കാരണത്താൽ, ഈ കോളേജുകളിലെ ഫിലോസഫി വിഭാഗത്തിലെ കുട്ടികളുടെ പല പിരീഡുകളിലേയും പഠനം നഷ്ടപ്പെടുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇതൊഴിവാക്കാൻ, ഈ കോളേജുകളിൽ നിയമിച്ചിട്ടുള്ള ലക്ചറർമാരെ ഉടനെ ജോലിക്ക് ഹാജരാക്കുന്നതിന് വേണ്ട നടപടികളും സ്വീകരിക്കുന്നതിന് കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്ക് അടിയന്തിര നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി, സി) അങ്ങിനെ ഒരു സ്ഥിതിവിശേഷം ഇല്ല. കാരണം ഒന്നാം വർഷ എം.എ. ക്ലാസുകളും ഈ കോളേജുകളിൽ തുടങ്ങിയിട്ടില്ല എന്നതുതന്നെ. ഈ ക്ലാസ്സുകളും തുടങ്ങുമ്പോഴേ ഇവിടെ സ്ഥലം മാറി നിയമിക്കപ്പെട്ടവരുടെ സേവനം അത്യാവശ്യമായി വരുന്നുള്ളൂ. മറിച്ച് സ്ഥലംമാറ്റപ്പെട്ടവർ ഇപ്പോൾ പ്രവൃത്തിയെടുക്കുന്ന കോട്ടയം, ചിറ്റൂർ കോളേജുകളിൽ പകരം അദ്ധ്യാപകരെ നിയമിക്കാതെ അവരെ റിലീവ് ചെയ്താൽ അവിടത്തെ അദ്ധ്യയനത്തെ അത് ബാധിക്കുകയും ചെയ്യും.

ഹോസ്ദുർഗ്ഗ് താലൂക്കിൽ ഒരു ഗവൺമെന്റ് കോളേജ്

406 [752] ശ്രീ. കെ. പുരുഷോത്തമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോഡു ജില്ലയിലെ ഹോസ്ദുർഗ്ഗ് താലൂക്കിൽ പെരിയയിൽ ഒരു ഗവൺമെന്റ് കോളേജ് ആരംഭിക്കുന്നതിന് കോഴിക്കോടു സർവ്വകലാശാല ശുപാർശ ചെയ്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവിടെ ഒരു ജൂനിയർ കോളേജ് ആരംഭിക്കുന്നതിന് നടപടി എടുക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly